2025 APRIL
14
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ദേശീയ മറൈൻ ഫിഷറീസ് സെൻസസ് നവംബർ, ഡിസംബർ മാസങ്ങളിൽ

## രാജ്യത്തെ 12 ലക്ഷം മത്സ്യത്തൊഴിലാളി വീടുകളിൽ നിന്ന് വിവരശേഖരണം നടത്തും

**കൊച്ചി:** അഞ്ചാമത് ദേശീയ മറൈൻ ഫിഷറീസ് സെൻസസ് നവംബർ,ഡിസംബർ മാസങ്ങളിൽ നടക്കും. രാജ്യത്തെ 12 ലക്ഷം മത്സ്യത്തൊഴിലാളി വീടുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കും. മത്സ്യത്തൊഴിലാളികളുടെ ഉപജീവനം, സാമൂഹിക സാമ്പത്തിക നിലവാരം, മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നീ വിവരങ്ങൾ ശേഖരിക്കും. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട എന്യൂമറേറ്റർമാർ ഒമ്പത് തീരദേശ സംസ്ഥാനങ്ങളിലെയുംു്ര കന്ദ ഭരണപ്രദേശങ്ങളിലെയും എല്ലാ സമുദ്ര മത്സ്യത്തൊഴിലാളികളുടെയും വീടുകളിൽ നിന്ന് വിവരശേഖരണം നടത്തും. സാമ്പത്തിക ചിലവ് ഉൾപ്പെടെ സെൻസസിന് നേതൃത്വവും നൽകുന്നത് ഫിഷറീസ് മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര ഫിഷറീസ് വകുപ്പാണ്. തീരദേശ സംസ്ഥാനങ്ങളിൽ സെൻസസിന്റെ മുഖ്യ ചുമതല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപന(സിഎംഎഫ്ആർഐ)ത്തിനാണ്.. ദ്വീപ് മേഖലകൾ ഉൾപ്പെടെയുള്ള കേന്ദ്ര ഭരണപ്രദേശങ്ങളിൽ ഫിഷറീസ് സർവേ ഓഫ് ഇന്ത്യ (എഫ് എസ് ഐ)ക്കാണ് ചുമതല.

ജനസംഖ്യഉപജീവന വിവരങ്ങൾക്ക് പുറമെ, മത്സ്യബന്ധന യാനങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, സംസ്കരണ യൂണിറ്റുകൾ, കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ എന്നീ വിവരങ്ങളും ശേഖരിക്കും. സെൻസസിന്റെ തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി നടത്തിയ ഉന്നതതല യോഗത്തിൽ കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി നീതു കുമാരി പ്രസാദ് അധ്യക്ഷത വഹിച്ചു. മുൻവർഷങ്ങളെ അപേക്ഷിച്ച് മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് പൂർണമായും ഡിജിറ്റൽ രീതിയിലായിരിക്കും വിവരശേഖരണമെന്ന് അവർ പറഞ്ഞു.



സമുദ്രമത്സ്യ മേഖലയിലെ പദ്ധതി ആസൂത്രണങ്ങൾക്കും ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സുസ്ഥിര വിഭവപരിപാലനത്തിനും സെൻസസ് നിർണായകമാണെന്ന് സിഎംഎഫ്ആർഐ ഡയറക്ടറും സെൻസസിന്റെ ദേശീയ കോർഡിനേറ്ററുമായ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

സെൻസസിന്റെ പൂർണവിജയത്തിന് വിവിധ ഏജൻസികളും സംസ്ഥാന സർക്കാറുകളും തമ്മിൽ ഏകോപനവും സഹകരണവും ആവശ്യമാണെന്ന് യോഗം വിലയിരുത്തി. മത്സ്യഗ്രാമങ്ങളുടെ പട്ടികക്ക് അന്തിമരൂപം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുകൾ സഹകരണം വാഗ്ധാനം ചെയ്തു. പ്രാദേശിക, സംസ്ഥാന, ജില്ലാ തല കോർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽ സമുദ്ര മത്സ്യബന്ധന ഗ്രാമങ്ങളിൽ നിന്നുള്ള എന്യൂമറേറ്റർമാരെ ഉൾപ്പെടുത്തിയുള്ള ഡേറ്റ ശേഖരണത്തിന്റെ രീതികൾ യോഗം ചർച്ച ചെയ്തു. സെൻസസിന്റെ പ്രാരംഭ നടപടികളെ കുറിച്ചും സമയക്രമത്തെ കുറിച്ചുമുള്ള വിവരങ്ങൾ സിഎംഎഫ്ആർഐ വകുപ്പ് മേധാവിയും സെൻസസ് പ്രോജക്ട് ലീഡറുമായ ഡോ ജെ ജയശങ്കർ അവതരിപ്പിച്ചു. കേന്ദ്ര ഫിഷറീസ് വകുപ്പിനെ പ്രതിനിധീകരിച്ച് ഫിഷറീസ് വികസന കമ്മീഷണർ ഡോ കെ മുഹമ്മദ് കോയ, ഡെപ്യൂട്ടി കമ്മീഷണർ ഡോ സഞ്ജയർ പാണ്ഡെ, ജോയിന്റ് ഡയരക്ടർ മനീഷ് ബിൻഡൽ എന്നിവർ സംസാരിച്ചു.കേന്ദ്രസംസ്ഥാന ഫിഷറീസ് വകുപ്പ്, സിഎംഎഫ്ആർഐ, എഫ് എസ് ഐ ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും യോഗത്തിൽ പങ്കെടുത്തു.

# കീവിലെ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ കമ്പനിയ്ക്ക് നേരെ റഷ്യ മിസൈൽ ആക്രമണം നടത്തിയതായി യുക്രൈൻ



**കീവ്:** കീവിലെ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ കമ്പനിയുടെ ഗോഡൗണിൽ റഷ്യയുടെ മിസൈൽ പതിച്ചതായി യുക്രൈൻ ആരോപണം. കുസും എന്ന ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ കമ്പനിയുടെ ഗോഡൗണിന് നേരെ റഷ്യ 'മനഃപൂർവം' ആക്രമണം നടത്തിയതാണെന്ന് യുക്രൈൻ ആരോപിച്ചു.

ഇന്ത്യയുമായി പ്രത്യേക സൗഹാർദം അവകാശപ്പെടുമ്പോഴും മോസ്കോ മനഃപൂർവ്വം ഇന്ത്യൻ സ്ഥാപനങ്ങളെ ലക്ഷ്യമിടുകയാണെന്നും കുട്ടികൾക്കും പ്രായമായവർക്കും വേണ്ടിയുള്ള മരുന്നുകൾ നശിപ്പിക്കുകയാണെന്നും യുക്രൈൻ എംബസി ആരോപിച്ചു. റഷ്യ ഒരു ഭീകരവാദ രാഷ്ട്രമാണ്' എന്ന ഹാഷ്ടാഗോടെ ഇന്ത്യയിലെ യുക്രൈൻ എംബസി ശനിയാഴ്ച ഈ വിവരം സാമൂഹികമാധ്യമത്തിൽ പങ്കുവെച്ചു.

കീവിന്റെ ഔദ്യോഗിക പോസ്റ്റിന് മുമ്പുതന്നെ ആക്രമണം സംബന്ധിച്ച വിവരം യുക്രൈനിലെ ബ്രിട്ടീഷ് അംബാസഡർ മാർട്ടിൻ ഹാരിസ് എക്സിലൂടെ അറിയിച്ചിരുന്നു. ഡ്രോൺ ആക്രമണമാണ് ഉണ്ടായതെന്നാണ് അദ്ദേഹം അറിയിച്ചത്. ഈ പോസ്റ്റാണ് യുക്രൈൻ എംബസി റീ പോസ്റ്റ് ചെയ്തിരിക്കുന്നത്.

റഷ്യൻ ഡ്രോണുകൾ കീവിലെ ഒരു പ്രധാന ഫാർമസ്യൂട്ടിക്കൽ വെയർഹൗസ് പൂർണ്ണമായും നശിപ്പിച്ചു. പ്രായമായവർക്കും കുട്ടികൾക്കും ആവശ്യമായ മരുന്നുകളുടെ ശേഖരം കത്തിച്ചു. യുക്രൈൻ ജനതയ്ക്ക് നേരെയുള്ള റഷ്യൻ ഭീകരാക്രമണം തുടരുന്നു', മാർട്ടിൻ ഹാരിസ് എക്സിൽ കുറിച്ചു.

ഇന്ത്യൻ വ്യവസായി രാജീവ് ഗുപ്തയുടെ ഉടമസ്ഥതയിലുള്ള കുസും യുക്രൈനിലെ ഏറ്റവും വലിയ ഫാർമസി സ്ഥാപനങ്ങളിൽ ഒന്നാണ്. അടിസ്ഥാന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്ന കമ്പനി രാജ്യത്ത് നിർണായക സാന്നിധ്യമാണെന്ന് ബന്ധപ്പെട്ട വൃത്തങ്ങളെ ഉദ്ധരിച്ച് എൻഡിടിവി റിപ്പോർട്ട് ചെയ്യുന്നു.

# 70,000 കടന്ന് സ്വർണവില



**മുംബൈ:** പിടിച്ചാൽ കിട്ടാതെ സ്വർണ വില. സംസ്ഥാനത്ത് പവന് 200 രൂപ കൂടി 70,160 രൂപയിലെത്തി. വ്യാഴാഴ്ച 2,160 രൂപയും വെള്ളിയാഴ്ച 1,480 രൂപയുമാണ് കൂടിയത്. മൂന്നു ദിവസത്തിനിടെയുണ്ടായ വർധന 4,360 രൂപ. ഒരു ഗ്രാം സ്വർണം ലഭിക്കാൻ 8,770 രൂപയാണ് നിലവിൽ നൽകേണ്ടത്. പണിക്കൂലിയും ജിഎസ്ടിയും വേറെ.

രാജ്യാന്തര വിപണിയിൽ സ്പോട് ഗോൾഡ് വില ട്രോയ് ഔൺസിന് ഇതാദ്യമായി 3,235 ഡോളറിലെത്തി.

അപ്രതീക്ഷിതമായി സ്വർണത്തിന് ഡിമാന്റ് കൂടിയതാണ് വിലയിലെ കുതിപ്പിന് പിന്നിൽ. വിവിധ രാജ്യങ്ങൾക്ക് ചുമത്തിയ തീരുവ താത്കാലികമായി നിർത്തിവെയ്ക്കാൻ തീരുമാനിച്ചെങ്കിലും ചൈനയുടേത് വൻതോതിൽ വർധിപ്പിച്ചതാണ് പെട്ടെന്നുള്ള ഡിമന്റ് വർധനയ്ക്ക് പിന്നിൽ. ട്രംപിന്റെ താരിഫ് യുഎസിലെ കടപ്പത്ര വിപണിയെ ബാധിച്ചതും സുരക്ഷിത നിക്ഷേപത്തിലേയ്ക്ക് തിരിയാൻ നിക്ഷേപകരെ പ്രേരിപ്പിച്ചു.

ലോകത്തിലെ രണ്ട് വൻകിട സാമ്പത്തിക ശക്തികൾ തമ്മിലുള്ള വ്യാപാര സംഘർഷമാണ് സ്വർണം നേട്ടമാക്കിയത്. ചൈനയ്ക്കുമേലുള്ള താരിഫ് 125 ശതമാനമായാണ് ട്രംപ് ഉയർത്തിയത്.

**സൊസൈറ്റി ടുഡേ**

വിഷു പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ നാളെ(ചൊവ്വ) ഇ പേപ്പർ ഉണ്ടായിരിക്കുന്നതല്ല



## എൽസ്റ്റൺ എസ്റ്റേറ്റിലെ ടൗൺഷിപ്പ് നിർമാണം:

# തൊഴിലാളികൾക്ക് നൽകിയ വാഗ്ദാനം പാലിക്കണമെന്ന് ആവശ്യം

**കൽപ്പറ്റ:** മുണ്ടക്കൈ ദുരന്തബാധിതർക്ക് പുനരധിവാസത്തിനായി എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കുന്പോൾ എസ്റ്റേറ്റിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പൂർണമായി വിതരണം ചെയ്തതിനുശേഷം മാത്രമായിരിക്കുമെന്ന് സംയുക്ത ട്രേഡ് യൂണിയൻ നേതാക്കളോടും തൊഴിലാളികളോടും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും ജില്ലാ ഭരണകൂടപ്രതിനിധികളും നൽകിയ ഉറപ്പുകൾ പാലിക്കാതെ ടൗൺഷിപ്പിൻറെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് പ്രതിഷേധാർഹമാണെന്ന് ഐഎൻടിയുസി.

താത്കാലികമായ വാഗ്ദാനങ്ങൾ നൽകി മുഖ്യമന്ത്രിക്ക് ടൗൺഷിപ്പിന് തറക്കല്ലിട്ട് പോകാൻ സൗകര്യം ഒരുക്കുക എന്നുള്ളതായിരുന്നു ഉദ്യോഗസ്ഥരുടെ ലക്ഷ്യമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഭൂമിയുടെ കാര്യത്തിൽ സർക്കാരും മാനേജ്മെൻറും തമ്മിലുള്ള തർക്കത്തിനു പോലും ഇതുവരെ തീരുമാനമായില്ല. തൊഴിലാളികൾക്ക് ആവശ്യമായ ആനുകൂല്യങ്ങൾ മാനേജ്മെൻറ് വിതരണം ചെയ്യണമെന്ന് സർക്കാരും അതിനായി ഭൂമിയുടെ തുക അനുവദിക്കണമെന്ന് മാനേജ്മെൻറും ആവശ്യപ്പെട്ടത് കോടതി നടപടികളിലേക്ക് നീങ്ങിയിരിക്കുകയാണ്.

ഇതിനിടയിൽ വിശേഷദിവസങ്ങളായ ബലിപെരുന്നാളും വിഷുവും തൊഴിലാളികൾക്ക് ആഘോഷിക്കാനാവാതെ പട്ടിണി കിടക്കേണ്ടി വരുന്ന സാഹചര്യമാണ്. ഭൂമി ഒഴിയുന്ന തൊഴിലാളികളോട് മനുഷ്യത്വപരമായ ഒരു സമീപനം പോലും സർക്കാർ സ്വീകരിക്കുന്നില്ല.

നാലുമാസത്തെ ശന്പളകുടിശ്ശിക, 2016 മുതലുള്ള പിഎഫ് കുടിശിക, ഗ്രാറ്റുവിറ്റി, ഏഴ് വർഷമായുള്ള മെഡിക്കൽ ആനുകൂല്യങ്ങൾ, രണ്ടു വർഷത്തെ ലീവ് വിത്ത് വേജസ്, നാലു വർഷങ്ങളിലെ ബോണസ്, വെതർ പ്രൊട്ടക്ടീവ് ഉപകരണങ്ങളുടെ തുക, കൂലി പുതുക്കിയതിനു ശേഷമുള്ള രണ്ടുവർഷത്തെ കുടിശിക തുടങ്ങി മുഴുവൻ കുടിശികയും തൊഴിലാളികൾക്ക് പൂർണമായി നൽകണം എന്നാവശ്യപ്പെട്ടും ആനുകൂല്യങ്ങൾ ലഭിക്കാതെ ഭൂമി ഒഴിയില്ലെന്നും എല്ലാ ട്രേഡ് യൂണിയനുകളും ഒന്നിച്ച് നിലപാട് എടുത്തിരുന്നു. അതേതുടർന്നാണ് ട്രേഡ് യൂണിയൻ നേതാക്കളെയും തൊഴിലാളികളെയും വിളിച്ചു വരുത്തി ചർച്ച ചെയ്ത് തൊഴിലാളികളുടെ എല്ലാ വിഷയങ്ങളും പരിഹരിക്കും എന്ന് ഉറപ്പു നൽകിയത്.

എന്നാൽ ഈ ഉറപ്പുകൾ കാറ്റിൽ പറത്തി തൊഴിലാളികളുടെ അവകാശങ്ങൾ പൂർണമായി നൽകാതെ ടൗൺഷിപ്പിൻറെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് അംഗീകരിക്കാനാകില്ല.

തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാതെ മുന്നോട്ടു പോയാൽ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകാനും തീരുമാനിച്ചു. ഐഎൻടിയുസി ജില്ലാ പ്രസിഡൻറ് പി.പി. ആലി അധ്യക്ഷത വഹിച്ചു. ബി. സുരേഷ് ബാബു, എൻ. വേണുഗോപാൽ, സി. ജയപ്രസാദ്, ഗിരീഷ് കൽപ്പറ്റ, കെ.കെ. രാജേന്ദ്രൻ, എസ്. മണി, പി. ജയകൃഷ്ണൻ, കെ. സുരേഷ്, മോഹനൻ പുൽപ്പാറ, മുഹമ്മദ് ബാവ പെരുന്തട്ട, സുബ്രഹ്മണ്യൻ നടുപ്പാറ തുടങ്ങിയവർ പ്രസംഗിച്ചു.



# തേക്കടി പുഷ്പമേളയ്ക്ക് തിരക്കേറി

**കുമളി:** തേക്കടി പുഷ്പമേളയിൽ വിഷുഈസ്റ്റർ അവധി ആരംഭിച്ചതോടെ തിരക്ക് വർധിച്ചു. 24 ദിവസം നീണ്ടു നിൽക്കുന്ന പുഷ്പമേള 15 ദിവസങ്ങൾ പിന്നിടുമ്പോൾ ഇരുപതിനായിരത്തിലേറെ കാണികളാണ് മേള ആസ്വദിച്ച് മടങ്ങിയത്.

എല്ലാ ദിവസങ്ങളിലും വൈകുന്നേരങ്ങളിൽ അരങ്ങേറുന്ന കലാപരിപാടികൾ വിദേശികളെ പോലും ആകർഷിക്കുന്നുണ്ട്.മേള നഗറിലെ പുഷ്പാലങ്കാരത്തിനിടയിലെ ഫോട്ടോ പോയിന്റുകളിൽ ഫോട്ടോ എടുക്കുന്നതിനും തിരക്കുണ്ട്.

വിശാലമായ നടപ്പാതയും ഏതു സ്റ്റാളിൽ നിന്നാലും മേളനഗറിലെ കലാപരിപാടികൾ ഉൾപ്പെടെ എല്ലാം കാണാൻ കഴിയുന്നുവെന്നതും ഇത്തവണത്തെ പ്രത്യേകതയാണ്.ഇന്ന് പാചക മത്സരവും വരും ദിവസങ്ങളിൽ വയോജന സംഗമം, ടൂറിസം സെമിനാർ തുടങ്ങിയവയും നടക്കും. 20ന് സമാപിക്കും.

# ഐആർഇഎൽ വനിതാ ശാക്തീകരണ പദ്ധതിക്കു തുടക്കം കുറിച്ചു

**ചവറ :** കേന്ദ്ര പൊതുമേഖല സ്ഥാപനമായ ചവറ ഐആർഇഎൽ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ ശാക്തീകരണ പദ്ധതിക്ക് തുടക്കം കുറിച്ചു. അസാപ് കേരള മുഖേന കൊല്ലം ബിഷപ് ബെൻസിഗർ ആശുപത്രിയിൽ വനിതകൾക്കായുള്ള ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് കോഴ്സിനാണ് തുടക്കം കുറിച്ചത് .

കോഴ്സ് ഫീസ്, പരീക്ഷാ ഫീസ്, യൂണിഫോം തുടങ്ങിയ ചെലവുകൾ ഐആർഇഎൽ വഹിക്കും. ബിഷപ് ബെൻസിഗർ ആശുപത്രിയിൽ നടന്ന സമ്മേളനത്തിൽ എൻ.കെ.പ്രേമചന്ദ്രൻ എംപി കോഴ്സ് ഉദ്ഘാടനം ചെയ്തു. അക്കാഡമിക് മികവിനൊപ്പം നൈപുണ്യ വികസനവും കൂടിയേ തീരുവെന്ന് അദ്ദേഹം പറഞ്ഞു.വനിതകളുടെ സാമൂഹിക സാമ്പത്തിക സുസ്ഥിരതക്കു പദ്ധതി വഴി തെളിക്കുമെന്നു അദ്ദേഹം പറഞ്ഞു. പ്രത്യാശിച്ച ആശുപത്രി ഡയറക്ടർ ഫാ. ജോൺ ബ്രിട്ടോ അധ്യക്ഷനായി . എൻ.എസ്.അജിത് മുഖ്യപ്രഭാഷണം നടത്തി. ഐആർഇഎൽ ഡപ്യൂട്ടി ജനറൽ മാനേജർ ഡി.അനിൽകുമാർ, ചീഫ് മാനേജർ കെ.എസ്. ഭക്തദർശൻ,അസാപ് കേരള ഹെഡ് സ്കിൽ സർട്ടിഫയെർ ഡോ. ടി.ജി.ജെയിംസ് , സീനിയർ പ്രോഡക്റ്റ് ഹെഡ് ഫണ്ടിംഗ് അരുൺ.സി.വിജയൻ, പ്രോഗ്രാം മാനേജർ ബാലു വേണുഗോപാൽ, ബെൻസിഗർ ആശുപത്രി അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ജീന മരിയ എന്നിവർ പ്രസംഗിച്ചു.

# ഫലവൃക്ഷ ഔഷധ സസ്യ ചെടികളുടെ വൻ ശേഖരവുമായി ശിവഗിരി മഠം നഴ്സറി

**ശിവഗിരി :** വിഷുപ്പുലരിയിൽ ശിവഗിരിയിൽ എത്തുന്ന ഭക്തർക്ക് വിപുലമായ ശേഖരത്തോട് കൂടിയ ഫലസസ്യ ഔഷധ ചെടികളുടെ നഴ്സറി ആകും കാണാനാവുക. നിലവിലുള്ള നഴ്സറി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് പുതിയ ഇനം ചെടികളും ലഭ്യമാക്കുകയാണ്. സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിൽ നിന്നും ലഭ്യമാകുന്ന പലതരം ഫലവൃക്ഷങ്ങളുടെ തൈകൾ നേരത്തെ മുതലിവിടെ നിന്നും ലഭ്യമെങ്കിലും കൂടുതൽ ഇനങ്ങൾ എത്തിച്ചിട്ടുണ്ട്. 'മരങ്ങൾ നടണം, തടിയുമായി ഫലവുമായി ' എന്നുള്ള ഗുരുദേവ വചനം ശിവഗിരിക്കുന്നുകളിൽ നേരത്തെ സാക്ഷാത്കരിച്ചിട്ടുണ്ട്. ഗുരുദേവൻ നട്ടുവളർത്തിയ പ്ലാവും ഗുരുദേവൻ നട്ടു വളർത്തിയ വിവിധ ഇനം പ്ലാവുകളും മരങ്ങളും നാടിൻറെ നാനാഭാഗത്ത് നിന്നുമെത്തിപ്പോകുന്ന ഭക്തരിൽ കൗതുകമുണർത്തുന്നുണ്ട്. ഇവിടെ നിന്നുള്ള പ്ലാവുകളുടെയും മാവുകളുടെയും വിത്തുകൾ ശേഖരിച്ച് പൊതുസ്ഥലങ്ങളിലും വീടുകളിലും നട്ടുവളർത്തുന്നവരും നിരവധിയാണ്.

മഹാസമാധി വളപ്പിൽ ഗുരുദേവൻ നട്ടുവളർത്തി പ്രായാധിക്യത്തിലും വളരെയേറെ ഫലം നൽകുന്ന പ്ലാവിൻറെ തൈകൾ നേരത്തെ മുതൽ വിശ്വാസികൾ മടക്കു യാത്രയിൽ കൊണ്ടുപോകാറുണ്ട്. ചെമ്പഴന്തി ഗുരുകുലത്തിലെ മുത്തശ്ശിപ്ലാവിൻറെയും അരുവിപ്പുറത്തെ പ്ലാവിൻറെയും തൈകൾ ലഭിച്ചാലെന്ന് ആഗ്രഹിച്ച് എത്തുന്നവരും ഏറെയാണ്. ശിവഗിരി കുന്നുകളിലെ പ്ലാവുകളിൽ നിന്നും മാവുകളിൽ നിന്നും ശേഖരിക്കുന്ന ഫലങ്ങൾ പാകപ്പെടുത്തി എത്തിച്ചേരുന്ന ഭക്തർക്ക് ഗുരുപൂജ പ്രസാദത്തിനൊപ്പം നൽകുന്നുണ്ട്. നിലവിൽ വിവിധയിനം മാവുകളിൽ നിന്നുള്ള വിഭവങ്ങൾ ഒക്കെയാണ് ശിവഗിരിയിൽ സീസൺ ആയാൽ കാണാനാവുക.

ശിവഗിരി മഠത്തോട് ചേർന്ന് സേവന പ്രവർത്തനങ്ങൾ നിർവഹിച്ചുവരുന്ന കർമ്മയോഗയുടെ നിയന്ത്രണത്തിലാണ് നഴ്സറി പ്രവർത്തിച്ചുവരുന്നത്. കിളിമാനൂർ സ്വദേശിയും കെ.എസ്.എഫ്.ഇ.യിൽ സേവനശേഷം വിരമിച്ച ചന്ദ്രശേഖരനും വർക്കലയിൽ ഇടവയിൽ താമസിക്കുന്ന ഗിരിജയുമാണ് കർമ്മയോഗയുടെ നഴ്സറി വിഭാഗത്തിനായി നിലകൊള്ളുന്നത്. ഇവർക്കൊപ്പം കുടുംബാംഗങ്ങളുടെ സേവനവും ലഭ്യമാകുന്നുണ്ട്. കൃഷിയെ ഏറെ സ്നേഹിക്കുന്ന ചന്ദ്രശേഖരൻറെ പുരയിടമാണ് ശിവഗിരി നഴ്സറിയിലേക്കുള്ള തൈകൾ ഉത്പാദിപ്പിക്കുന്ന കേന്ദ്രം. ശിവഗിരി പുരയിടത്തിൽ തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഗിരിജയും വലിയ പങ്കുവഹിക്കുന്നുണ്ട്. തികച്ചും സേവന മനോഭാവത്തോടെയാണ് ഇന്നും ഇവർക്കൊപ്പം സംസ്ഥാനത്തിൻറെ പല ജില്ലകളിൽ നിന്നും ശിവഗിരിയിൽ എത്തി കർമ്മയോഗയിൽ പ്രവർത്തിക്കുന്നവർ. തൈകൾ വാങ്ങുന്നവർക്ക് അവയുടെ പരിചരണ രീതികളും ലഭ്യമാക്കുന്നുണ്ട്. നഴ്സറിയും മറ്റു പ്രവർത്തനങ്ങളും വിപുലപ്പെടുത്തുന്നതോടൊപ്പം കർമ്മയോഗയിൽ അംഗങ്ങൾ വർദ്ധിപ്പിക്കാനും നീക്കമുണ്ട്. സേവനതല്പരരായവർക്ക് അവസരം ഉണ്ടാകും. വിവരങ്ങൾക്ക് 9447551499.

# വിമാനത്താവളം: സ്ഥലം ഏറ്റെടുക്കൽ നടപടിക്കൊരുങ്ങി റവന്യു വകുപ്പ്

**എരുമേലി:** നിർദിഷ്ട ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനു സംസ്ഥാന സർക്കാരിൻറെ ഭരണാനുമതിയായതിനെത്തുടർന്ന് 2,570 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾക്കൊരുങ്ങി റവന്യു വകുപ്പ്.

മണിമല, എരുമേലി തെക്ക് വില്ലേജുകളിലായി 2570 ഏക്കർ സ്ഥലമാണ് വിമാനത്താവള നിർമാണത്തിനായി ഏറ്റെടുക്കുന്നത്. ഇതിൽ ചെറുവള്ളി എസ്റ്റേറ്റിലെ 916.27 ഹെക്ടറും 121.876 ഹെക്ടർ സ്വകാര്യ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടത്.

പദ്ധതി പ്രദേശത്ത് നടത്തിയ സാമൂഹിക ആഘാതപഠനം പുനരധിവാസവും നഷ്ടപരിഹാരവും ഉറപ്പാക്കി കേന്ദ്ര സർക്കാരിൻറെ ഭൂമി ഏറ്റെടുക്കൽ ചട്ടപ്രകാരമുള്ള നടപടികൾക്കു ശിപാർശ നൽകിയിരുന്നു. വിദഗ്ധ സമിതി ഇതിന് അംഗീകാരം നൽകിയതോടെയാണ് ഭരണാനുമതിയായത്.

ആഭ്യന്തരം, റവന്യു, വനം, ധനകാര്യം, സാമൂഹികക്ഷേമം തുടങ്ങിയ വകുപ്പുകൾ ശിപാർശകളിൽ പരിശോധന പൂർത്തിയാക്കിയിരുന്നു. റവന്യു സംഘം ഇനി ഭൂമി ഉടമകളെ കണ്ട് ഏറ്റെടുക്കൽ വിവരം അറിയിച്ച് വിശദ ഭൂമി സ്കെച്ച് തയാറാക്കി നൽകും. അതിനുശേഷം കെട്ടിടം, ഭൂമി, മറ്റു വസ്തുക്കൾ എന്നിവയുടെ വില നിശ്ചയിച്ച് നഷ്ടപരിഹാരം ശിപാർശ ചെയ്യും. ഇതോടെ ഭൂമി ഏറ്റെടുക്കാനുള്ള വിജ്ഞാപനത്തിലേക്ക് നടപടികൾ സ്വീകരിക്കുമെന്ന് റവന്യു ഉദ്യോഗസ്ഥർ പറഞ്ഞു.

അതേസമയം, പദ്ധതിക്കായി ഏറ്റെടുക്കുന്ന ചെറുവള്ളി എസ്റ്റേറ്റിൻറെ ഉടമസ്ഥാവകാശ തർക്കത്തിൽ പാലാ സബ് കോടതിയിൽ നടക്കുന്ന കേസിൽ ജൂൺ അഞ്ചിനു വിസ്താരം നടക്കും. എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന അയന ചാരിറ്റബിൾ ട്രസ്റ്റിൻറെ പ്രതിനിധിയെയാണ് വിസ്തരിക്കുക. സർക്കാർ വാദിയായ ഈ കേസിൽ വാദി ഭാഗം വിസ്താരം കഴിഞ്ഞ ദിവസമാണ് പൂർത്തിയായത്.

2005ലാണ് ചെറുവള്ളി എസ്റ്റേറ്റ് ബിലീവേഴ്സ് ചർച്ച് വാങ്ങിയത്. ബ്രിട്ടീഷ് കമ്പനി കൈവശം വച്ചിരുന്ന എസ്റ്റേറ്റ് കൈമാറ്റം ചെയ്ത് വില്പന നടത്തിയത് നിയമവിരുദ്ധമാണെന്നും എസ്റ്റേറ്റ് സർക്കാരിന് അവകാശപ്പെട്ട ഭൂമിയാണെന്നുമാണ് പാലാ സബ് കോടതിയിൽ സർക്കാർ അറിയിച്ചിട്ടുള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മാലിന്യ സംസ്കരണം: കേരളം മാതൃകയെന്ന് ഗവർണർ

**തിരുവനന്തപുരം:** മാലിന്യ സംസ്കരണത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നും കേരളീയനെന്ന് അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നുവെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. വൃത്തി2025 കോൺക്ലേവിൻറെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിജയത്തിൻറെ പ്രധാന കാരണം ജനങ്ങളുടെ പങ്കാളിത്തമാണ്. സർക്കാരും ജനങ്ങളും ഉദ്യോഗസ്ഥരും ഒരുമിച്ചു നേടിയ വിജയം മുഴുവൻ കേരളീയരുടേയും വിജയമാണ്. ഇപ്പോഴത്തെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വൃത്തി സ്ഥിരമായ ഒന്നല്ലെന്നും വൃത്തി ഒരു ശീലമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. എൻറെ മാലിന്യം എൻറെ ഉത്തരവാദിത്തമാണെന്ന ബോധമുണ്ടാകണം. ഉറവിട കേന്ദ്രീകൃതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കണം.

അതിലൂടെ വൃത്തിശീലം ജനജീവിതത്തിൻറെ ഭാഗമാക്കാനും അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ പ്ലാൻറുകളുമായി ബന്ധപ്പെട്ട എതിർപ്പുകളിൽ സമവായമുണ്ടാക്കാനായി എന്നതാണ് വൃത്തി2025 കോൺക്ലേവിൻറെ ഏറ്റവും വലിയ നേട്ടമെന്നും ഗവർണർ പറഞ്ഞു.

സ്വച്ഛതയും വൃത്തിയുമെന്നത് ഇന്ന് ഇന്ത്യയിലൊട്ടാകെ ഒരു മുഖ്യ അജണ്ടയാണെന്നും ഗവർണർ ചൂണ്ടിക്കാട്ടി. കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മോഡൽ സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം. ബി. രാജേഷ് അഭിപ്രായപ്പെട്ടു . മാലിന്യസംസ്കരണത്തിൻറെ ഈ കേരള മോഡൽ ഇതിനകം മറ്റ് സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നുണ്ട്.

തമിഴ്നാട് സംസ്ഥാനം കേരള മാതൃകയിൽ ക്ലീൻ തമിഴ്നാട് മിഷൻ ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു. അടിത്തട്ട് മുതൽ തുടങ്ങി മുകൾതട്ട് വരെ എത്തിയ ഒരു ജനകീയ യത്നത്തിൻറെ ഒടുവിലാണ് വൃത്തി 2025 കോൺക്ലേവ് നടന്നത്. കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷൻ ഡോക്യുമെൻറ് ഗവർണർ പ്രകാശനം ചെയ്തു.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഗവർണർ സമ്മാനിച്ചു. സമാപന സമ്മേളനത്തിൽ മന്ത്രി എം.ബി. രാജേഷ് അധ്യക്ഷത വഹിച്ചു.

വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.



# വൈദ്യുതിവേലി ശാസ്ത്രീയമായി നിർമിച്ച് പരിപാലിക്കണം: കർഷകർ

**കല്ലടിക്കോട്:** കഴിഞ്ഞ ആഴ്ച കയറംകോട് അത്താണിപ്പറമ്പിൽ കുളത്തിങ്കൽ ജോസഫിൻറെ മകൻ അലൻറെ (24) ജീവൻ എടുത്തത് വനം വകുപ്പ് അധികാരികളുടെ അനാസ്ഥയെന്ന് പരാതി. വാളയാർ മുതൽ പാലക്കയം തരുപ്പപ്പതി വരെ നീണ്ടുകിടക്കുന്ന കല്ലടിക്കോടൻ മലനിരയുടെ ചുവട്ടിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് കാട്ടാനകൾ തമ്പടിക്കുന്നത് പതിവാണ്. ഈ പ്രദേശത്തെ നാട്ടുകാർ ഈ വിവരം വനംവകുപ്പിനേയും ദ്രുത കർമസേനയേയും ജനപ്രതിനിധികളേയും അപ്പപ്പോൾതന്നെ അറിയിക്കുന്നുമുണ്ടായിരുന്നു.

നാട്ടുകാരുടെ ഏറെനാളത്തെ പരാതികൾക്കൊടുവിൽ ഈ വനമേഖലയിൽ വൈദ്യുതിവേലി നിർമിക്കാൻ തീരുമാനിക്കുകയും നിർമാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു.

കാട്ടാനയുടെ കുത്തും ചവിട്ടും ഏറ്റ് മരിച്ച അലൻറെ വീടിനു സമീപം വനത്തിനോട് ചേർന്നുള്ള സ്ഥലത്ത് വൈദ്യുതി വേലി വലിച്ച് കെട്ടിയെങ്കിലും വെള്ളം ഒഴുകി ചാലായ ഭാഗത്ത് 15 അടിയോളം ഉയരത്തിലാണ് വൈദ്യുതിവേലിയുടെ കമ്പി പോയിരിക്കുന്നത്.

ആനകൾക്ക് ഈ ചാലിലൂടെ കമ്പിയിൽ തട്ടാതെ കൃഷിയിടത്തിലേയ്ക്കും സമീപത്തെ വീടുകളിലേയ്ക്കും എത്താൻ കഴിയുമായിരുന്നു. വൈദ്യുതി വേലി നിർമിച്ചപ്പോൾ ഈ ഭാഗത്ത് ഒരു ലൈൻ കൂടി വലിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറായിരുന്നെങ്കിൽ അലൻ മരിക്കുകയും അമ്മയ്ക്ക് ഗുരുതരപരിക്കേൽക്കുകയും ഇല്ലായിരുന്നു എന്ന് നാട്ടുകാർ പറഞ്ഞു.

വനം വകുപ്പ് നിർമിച്ച വൈദ്യുതി വേലികൾ പലഭാഗത്തും പൊട്ടിക്കിടക്കുകയാണ്. മരങ്ങൾ വീണ് വൈദ്യുതി വിഛേദിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വേലി നിർമിച്ച് പോകുന്നതല്ലാതെ അറ്റകുറ്റപ്പണികൾ നടത്താൻ അധികാരികൾ തയ്യാറാകുന്നില്ലെന്ന പരാതിയും ഉണ്ട്.

ഫെൻസിംഗിന് ഇരുവശവും മിനിമം 15 മീറ്ററെങ്കിലും മരങ്ങൾ ഇല്ലാതെ ക്ലിയർ ചെയ്യണം. കേരളത്തിൽ 4000 കിലോ മീറ്ററിന് മുകളിലുള്ള വനത്തിൻറെ അതിരുകൾ ക്ലിയറിംഗ് അസാധ്യമാണ്. ആന കടന്നുവരും. 8 മില്ലീമീറ്റർ വാർക്കകമ്പി വലിഞ്ഞ് പൊട്ടാൻ 1100 കിലോ ഭാരം ചെലുത്തണം. വെറും 2 മില്ലീമീറ്റർ കമ്പി പൊട്ടാൻ 50 കിലോയുടെ മരക്കൊമ്പ് 10 മീറ്റർ ഉയരത്തിൽ നിന്നും വീണാൽ മതി.വൈദ്യുതി കമ്പി കെട്ടിയ തൂണുകൾ ചവിട്ടിമറിക്കാൻ ആനകൾ പരിശീലിച്ചിരിക്കുന്നു. വള്ളിപടർപ്പ് കേറാതെ സൂക്ഷിക്കണം. വെട്ടി കളഞ്ഞാലും കാനലില്ലാത്തതിനാൽ വള്ളി 15 ദിവസത്തിനുള്ളിൽ വളരും. 3 ദിവസം മഴ പെയ്തില്ലെങ്കിൽ ഓരോ 25 മീറ്ററിലുമുള്ള എർത്തിംഗിൽ വെള്ളം ഒഴിച്ച് നനയ്ക്കണം, ഇല്ലെങ്കിൽ പവർ കുറയും. ഇതിനൊക്കെ ആവശ്യത്തിന് ജോലിക്കാരില്ലാത്തതിനാൽ വനം വകുപ്പിന് അസാധ്യമാണ്. കേരളത്തിൽ വനഭൂമിയുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ മിക്കവാറും മഴയുള്ളതിനാലും അതിശക്തമായ ഇടിമിന്നൽ ഉള്ളതിനാലും കൂടുതൽ ശ്രദ്ധ ഉണ്ടാകണം.

10 അടി താഴ്ചയിൽ വനാതിർത്തിയിൽ ട്രഞ്ചെടുക്കുകയും ഉൾവശം കോൺക്രീറ്റ് ചെയ്ത് മിനുസപ്പെടുത്തുകയും മുകൾഭാഗത്ത് റെയിൽപാളം സ്ഥാപിക്കുകയും അതിനുമുകളിലായി ഹാംഗിംഗ് വൈദ്യുതിവേലി നിർമിക്കുകയും ചെയ്താൽമാത്രമേ കാട്ടാനകളും വന്യമൃഗങ്ങളും കൃഷിയിടത്തിലേക്ക് കടക്കാതിരിക്കൂ. അതിനുള്ള നടപടികളാണ് വനം വകുപ്പും സർക്കാരും സ്വീകരിക്കേണ്ടത്.

## രാമു കാര്യാട്ട് അവാർഡ്: ഉണ്ണിമുകുന്ദൻ പാൻ ഇന്ത്യൻ താരം, മികച്ച നടൻ ആസിഫ് അലി, നടി അപർണ്ണ ബാലമുരളി

**കൊച്ചി:** ചലച്ചിത്ര സംവിധായകൻ രാമു കാര്യാട്ടിന്റെ ഓർമ്മയ്ക്കായ് ഏർപ്പെടുത്തിയ ഈ വർഷത്തെ ചലച്ചിത്ര അവാർഡ് പ്രഖ്യാപിച്ചു.മികച്ച നടനായി ആസിഫ് അലി (കിഷ്കന്ധകാണ്ഡം) യെയും പാൻ ഇന്ത്യൻ താരമായി ഉണ്ണിമുകുന്ദൻ (മാർക്കോ) നെയും  മികച്ച നടിയായി അപർണ്ണ ബാലമുരളി (കിഷ്കന്ധകാണ്ഡം, രുധിരം, രായൻ) യെയും തിരഞ്ഞെടുത്തു.

ജഗദീഷ്, ഇന്ദ്രൻസ് വിജയ രാഘവൻ,ജോജു ജോർജ്, ഷറഫുദ്ദീൻ, അർജ്ജുൻ അശോകൻ, വിഷ്ണു ഉണ്ണികൃഷ്ണൻ,രാജേഷ് മാധവൻ,ആൻസൺ പോൾ, അഭിമന്യു തിലകൻ,ഇഷാൻ, ഷെരീഫ് മുഹമ്മദ്,ഡെബ്സി,ഫ്രെയ,ആയ, നിർമ്മാതാവ് ജോബി ജോർജ്ജ്,എ എസ് ദിനേശ്,

സുരഭി ലക്ഷ്മി,മാലാ പാർവ്വതി,ചിത്ര നായർ,ചിന്നു ചാന്ദ്നി, ശ്രുതി രാമചന്ദ്രൻ, തുടങ്ങിയ പ്രമുഖരാണ് ഈ വർഷത്തെ രാമു കാര്യാട്ട് അവാർഡിന് അർഹരായമറ്റുള്ളവർ.

തൃശ്ശൂർ കരിമ്പ്രം ബീച്ച് ഫെസ്റ്റിവലിന്റെ സമാപന ദിനമായ ഏപ്രിൽ 17 ന് നടത്തുന്ന ചടങ്ങിൽ വെച്ച്  അവാർഡുകൾ വിതരണം ചെയ്യും.

## ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി പ്രകാശനം ചെയ്തു

**ആലപ്പുഴ:** കൈനകരി ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ തയാറാക്കിയ പ്രാദേശിക തല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതിയുടെ പ്രകാശനം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ അനിൽകുമാർ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എം സി പ്രസാദ് അധ്യക്ഷനായി.

പരിസ്ഥിതി സംരക്ഷണം മുൻനിർത്തിയുള്ള സുസ്ഥിരവികസന പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും കാലാവസ്ഥ വ്യതിയാനത്തെ അനുരൂപപ്പെടുത്തുന്നതിനും പ്രാദേശിക തല ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഈയൊരു ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ(കെഎസ്ബിബി)  സാമ്പത്തിക, സാങ്കേതിക സഹായത്തോടെ പഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതി (ബിഎംസി)യുടെ നേതൃത്വത്തിൽ പ്രാദേശികതല കർമ്മ പദ്ധതി തയാറാക്കിയത്.

ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രസീത മിനിൽ കുമാർ, സ്ഥിരംസമിതി അധ്യക്ഷരായ കെ എ പ്രമോദ്, സബിത മനു, പഞ്ചായത്തംഗങ്ങളായ എ ഡി ആന്റണി, ഗിരിജ ബിനോദ്, സന്തോഷ് പട്ടണം, സിഡിഎസ് ചെയർപേഴ്സൺ തങ്കമണി അരവിന്ദാക്ഷൻ, കെഎസ്ബിബി ജില്ലാ കോ ഓർഡിനേറ്റർ ശ്രുതി ജോസ്, പഞ്ചായത്ത് സെക്രട്ടറി ജി റ്റി അഭിലാഷ്, ബിഎംസി അംഗങ്ങൾ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിവരശേഖരണ സന്നദ്ധപ്രവർത്തകർ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

## കൈറ്റിന്റെ കീ ടു എൻട്രൻസ് : എഞ്ചിനീയറിംഗ് മാതൃകാ പരീക്ഷ ഏപ്രിൽ 16 മുതൽ

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസവകുപ്പിലെ കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന കീ ടു എൻട്രൻസ് പരിശീലന പരിപാടിയിൽ കീം  വിഭാഗത്തിൽ രജിസ്റ്റർ ചെയ്തവർക്ക് ഏപ്രിൽ 16 മുതൽ 19 വരെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മോഡൽ പരീക്ഷ എഴുതാം. കുട്ടികൾക്ക് ഈ ദിവസങ്ങളിൽ സൗകര്യപ്രദമായ സമയത്ത് 3 മണിക്കൂറാണ് ടെസ്റ്റ്.

etnrance.kite.kerala.gov.in എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മോക് ടെസ്റ്റിൽ പങ്കാളികളാവാം. കീം പരീക്ഷയുടെ അതേ മാതൃകയിൽ 150 ചോദ്യങ്ങളാണ് ഉണ്ടാവുക. ഫിസിക്സ് 45, കെമിസ്ട്രി 30, മാത്സ് 75 എന്നീ തരത്തിലാണ് ചോദ്യഘടന. ഇത് കുട്ടികൾക്ക് പരീക്ഷ എഴുത്ത് ആസൂത്രണം ചെയ്യുന്നതിനും സ്വയം വിലയിരുത്തുന്നതിനുമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. യൂസർനെയിമും പാസ്‌വേഡും നൽകി ലോഗിൻ ചെയ്താൽ 'എക്സാം' എന്ന വിഭാഗത്തിൽ 'മോക്/മോഡൽ പരീക്ഷ' ക്ലിക്ക് ചെയ്ത് പരീക്ഷയിൽ പങ്കുചേരാവുന്നതാണ്. നിലവിൽ 52020 കുട്ടികൾ പരിശീലനത്തിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്യുന്ന സർക്കാർ  എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും മോക് ടെസ്റ്റിനായി അവസരം നൽകുമെന്ന് കൈറ്റ് സി.ഇ.ഒ. കെ അൻവർ സാദത്ത് അറിയിച്ചു. മെഡിക്കൽ എൻട്രൻസ് മോഡൽ പരീക്ഷ പിന്നീട് നടത്തും.

കൈറ്റ് വിക്ടേഴ്സ് ചാനലിലും യൂട്യൂബിലുമായി കഴിഞ്ഞ 5 മാസമായി നൽകി വരുന്ന ക്ലാസുകളുടെ തുടർച്ചയായാണ് മോക് ടെസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. 300 ഓളം വീഡിയോ ക്ലാസുകൾ ടെലികാസ്റ്റ് ചെയ്തിട്ടുണ്ട്. ഇവ etnrance.kite.kerala.gov.in പോർട്ടലിൽ കാണുന്നതിനും അവസരമുണ്ട്. ഓരോ യൂണിറ്റിനും ശേഷം ആവശ്യാനുസരണം ടെസ്റ്റുകൾ എടുക്കാനുള്ള അവസരം നേരത്തേ നൽകിയിരുന്നു. എല്ലാ യൂണിറ്റുകളെയും ഉൾപ്പെടുത്തിയാണ് ഇപ്പോൾ എഞ്ചിനീയറിംഗ് മോഡൽ പരീക്ഷ നടത്തുന്നത്. മോക്ടെസ്റ്റിന്റെ സർക്കുലർ പോർട്ടലിൽ ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

## മലദ്വാരരോഗ ചികിത്സയ്ക്ക് ശസ്ത്രക്രിയാവിദഗ്ദ്ധരെ സമീപിക്കുവാൻ മലയാളികൾക്ക് വിമുഖത

# ശസ്ത്രക്രിയാവിദഗ്ദ്ധർക്ക് നിരന്തര പരിശീലനവും തുടർവിദ്യാഭ്യാസവും അനിവാര്യം

**കൊച്ചി:** മലദ്വാര സംബന്ധമായ രോഗങ്ങൾക്ക് ശസ്ത്രക്രിയാവിദഗ്ദ്ധരെയോ മെഡിക്കൽ ഡോക്ടർമാരെയോ സമീപിക്കുന്നതിൽ മലയാളികൾ വിമുഖത പ്രകടിപ്പിക്കുന്നുവെന്ന് ആരോഗ്യ വിദഗ്ദ്ധർ. ഈ രംഗത്ത് ഇതരസംസ്ഥാന വ്യാജ വൈദ്യന്മാരുടെ എണ്ണം പെരുകുകയാണെന്നും തെറ്റായ ചികിത്സാ രീതികളിലേക്ക് മലയാളികൾ കൂടുതൽ പോകുന്നുവെന്നും പ്രമുഖ കീഹോൾ സർജനും വേൾഡ്കോൺ രക്ഷാധികാരിയുമായ ഡോ. പദ്മകുമാർ പറഞ്ഞു. കൊച്ചിയിൽ കോളോപ്രൊക്ടോളജി ശസ്ത്രക്രിയാവിദഗ്ദ്ധന്മാരുടെ അന്തർദേശിയ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൈൽസ് പോലുള്ള രോഗങ്ങൾ ചിലപ്പോൾ കുടൽ പഴുപ്പ്, ക്യാൻസർ എന്നിവയുടെ ലക്ഷണങ്ങളാകാം. ഈ സാഹചര്യത്തിൽ വിശദ പരിശോധന നടത്താതെയുള്ള ചികിത്സ രോഗിയെ അപകടത്തിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. മലദ്വാര സംബന്ധമായ രോഗമുള്ളവർ നിർബന്ധമായും കുടൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് അനിവാര്യമാണ്. വിശദമായ പരിശോധന ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾ നേരത്തെ കണ്ടെത്താനും കൃത്യ സമയത്ത് ഉചിതമായ ചികിത്സ ഉറപ്പു വരുത്തുവാനും സഹായിക്കും. സാധാരണയായി സർജന്മാർ പൈൽസ്, ഫിഷർ എന്നിവയുടെ ചികിത്സയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്തതാണ് രോഗികൾ വിദഗ്ദ്ധ ചികിത്സയിൽ നിന്ന് അകലാൻ പ്രധാന കാരണം. കൂടാതെ, വേദനാഭയവും അമിത ചികിത്സാച്ചെലവും രോഗികൾ പിന്തിരിയാനുള്ള ഘടകങ്ങളാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



ശസ്ത്രക്രിയാവിദഗ്ദ്ധർക്ക് നിരന്തരമായ തുടർവിദ്യാഭ്യാസ പരിപാടികളും നൂതന ശസ്ത്രക്രിയാ പരിശീലന പരിപാടികളും അനിവാര്യമാണെന്നും മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായം. തുടർ വിദ്യാഭ്യാസത്തിലൂടെ അത്യാധുനിക ചികിത്സാ മാർഗങ്ങളിൽ പ്രാവീണ്യം നേടിയാൽ രോഗികൾക്ക് വേദന കുറഞ്ഞതും വേഗത്തിൽ സുഖം പ്രാപിക്കുന്നതുമായി ചികിത്സ ഉറപ്പാക്കാൻ സാധിക്കും. ഇത്തരം കാര്യങ്ങൾ ലക്ഷ്യമാക്കിയാണ് വേൾഡ്കോൺ പോലുള്ള സമ്മേളനങ്ങൾ സംഘടിപ്പിച്ചതെന്ന് ഡോ. പദ്മകുമാർ പറയുന്നു.

സ്റ്റേപ്ലർ, ലേസർ തുടങ്ങിയ നൂതന ചികിത്സാ മാർഗങ്ങൾ ഒരു ദിവസം കൊണ്ട് ശാശ്വത പരിഹാരം നൽകുന്നതും തീരെ വേദന കുറഞ്ഞതുമാണ്. ഇതിനെ ഭയപ്പെടേണ്ടതില്ല. മികച്ച ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് ഒഴിവാക്കുവാൻ ഇൻഷ്വറൻസ് കവറേജ് പ്രയോജനപ്പെടുത്തുകയാണ് രോഗികൾ ചെയ്യേണ്ടത്. സർക്കാർ മേഖലയിലും അത്യാധുനിക ചികിത്സാ മാർഗങ്ങൾ ലഭ്യമാണ്. ചെലവ് കുറയ്ക്കാൻ തെറ്റായ രീതികളിലേക്ക് പോകുന്നതിന് പകരം കുറഞ്ഞ ചെലവിൽ സർക്കാർ ആശുപത്രികളിൽ ലഭിക്കുന്ന അത്യാധുനിക ചികിത്സാ മാർഗങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ് നല്ലതെന്നും ഡോ.പദ്മകുമാർ പറഞ്ഞു.

രോഗികൾക്ക് ഏറ്റവും സുഖപ്രദവും ഗുണകരവുമാകുന്ന അത്യാധുനിക ചികിത്സാ മാർഗങ്ങൾ കേരളത്തിൽ ലഭ്യമാണ്. നൂതന ചികിത്സയിൽ പ്രാവീണ്യം നേടിയവരുടെ ആവശ്യകത ഏറെയാണെന്നും വിദഗ്ദ്ധർ പറയുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് പൈൽസ്, ഫിസ്റ്റുല,ഫിഷർ രോഗങ്ങളുടെ എണ്ണത്തിൽ പത്തിരട്ടി വർദ്ധന ഉണ്ടായിട്ടുണ്ട്. ജീവിതശൈലിയിലും ഭക്ഷണക്രമത്തിലും വന്ന മാറ്റങ്ങളാണ് രോഗശതമാനം ഉയരാനുള്ള പ്രധാനകാരണമെന്നും ഡോക്ടർമാർ പറയുന്നു. ഭക്ഷണത്തിൽ എരിവും മസാലയും അമിതമായി ഉപയോഗിക്കുന്നതും മദ്യപാന ശീലവും അമിതമായ സമ്മർദ്ദവുമാണ് ഇത്തരം രോഗങ്ങൾ വർദ്ധിക്കാനുള്ള പ്രധാന കാരണം. കൂടാതെ, സസ്യാഹാരത്തിന്റെ അളവ് കുറഞ്ഞതും പെപ്സി, കോള പോലുള്ള പാനിയങ്ങളുടെ ഉപയോഗം കൂടിയതും വസ്ത്രധാരണത്തിലെ മാറ്റങ്ങളും രോഗം വർദ്ധിക്കാൻ കാരണമായിട്ടുണ്ടെന്നും ഡോക്ടർമാർ പറയുന്നു. കുടൽ ക്യാൻസറിനെ അപേക്ഷിച്ച് പൈൽസ് പോലുള്ള മലദ്വാര രോഗങ്ങളാണ് കൂടുതലായി വർദ്ധിച്ചിട്ടുള്ളത്. ഭക്ഷണത്തിൽ പച്ചക്കറികൾ ഉൾപ്പെടുത്തുന്നതും വെള്ളം കൂടുതൽ കുടിക്കുന്നതും മദ്യപാന ശീലം ഒഴിവാക്കുന്നതും രോഗം വരാതിരിക്കാൻ ഒരുപരിധി വരെ സഹായിക്കുമെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടു.



## സ്കൈ പദ്ധതിയിലൂടെ 1200 ഓളം പേർക്ക് തൊഴിൽ നൽകി: മന്ത്രി പി രാജീവ്

**കൊച്ചി:** സ്കൈ പദ്ധതിയിലൂടെ 1200 ഓളം പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്.സ്കിലിംഗ് കളമശ്ശേരി യൂത്ത് ഭാഗമായി സംഘടിപ്പിച്ച നാലാമത് തൊഴിൽ മേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ സ്കിൽ ഡെവലപ്പ്മെന്റ് സെൻററിനും പകൽ വീട് നിർമാണത്തിനുമായി 25 ലക്ഷം രൂപ കൈമാറിയെന്ന് മന്ത്രി പറഞ്ഞു.വർക്ക് നിയർ ഹോം തുടങ്ങാൻ ഉള്ള സംവിധാനങ്ങൾ ആയി കഴിഞ്ഞു, കൊച്ചി സർവകലാശയിൽ സ്ഥാപിക്കുന്ന സ്കിൽ ഡെവലപ്പ്മെന്റ് ഹബ്, കെ ഡെസ്ക് മുഖാന്തരം സ്ഥാപിക്കുന്ന ജില്ലാ സ്കിൽ ഡെവലപ്മെന്റ് സെന്റർ, ഗവൺമെന്റ് പോളി ടെക്നിക് കോളേജിൽ തുടങ്ങുന്ന ജോബ് സ്റ്റേഷൻ, വിവിധ കമ്പനികൾ എന്നിവ മുഖേന നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു .300 ഓളം പേർ പങ്കെടുത്ത തൊഴിൽമേളയിൽ 2500 ഇൽ പരം ഒഴിവുകളിലേക്കായിരുന്നു അഭിമുഖം നടന്നത്.

## മെഡിക്കൽ ഓഫീസർ ഒഴിവ്

**ആലപ്പുഴ:** ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ആശുപത്രിയിൽ പീഡിയാട്രിക് സർജറി വിഭാഗത്തിലേയ്ക്ക് എം ബി ബി എസ് യോഗ്യതയും ടി സി എം സി രജിസ്ട്രേഷൻ ഉള്ളവരുമായ ഇദ്യോഗാർഥികളിൽ നിന്നും മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു.

താൽപര്യമുള്ളവർ ഏപ്രിൽ 15 ചൊവ്വാഴ്ച രാവിലെ 11 ന് യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി നേരിട്ട് ആശുപത്രി സൂപ്രണ്ട് ഓഫീസിൽ ഹാജരാകണം.





## അമൃതയിൽ ദ്വിദിന ന്യൂറോ യൂറോളജി കോൺഫറൻസ് സംഘടിപ്പിച്ചു

**കൊച്ചി:** ഇന്റർനാഷണൽ ന്യൂറോ യൂറോളജി സൊസൈറ്റി (ഐനസ്) യുടെ കോൺഫറൻസ് ന്യൂറോ യൂറോളജി അപ്പ്ഡേറ്റ് 2025 ന് അമൃത ആശുപത്രി വേദിയായി. കേരളത്തിന് പുറമെ തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ പ്രശസ്ത യൂറോളജി, ന്യൂറോളജി, ഫിസിയാട്രി, ഗാസ്ട്രോ എന്ററോളജി വിദഗ്ധർ പങ്കെടുക്കുന്ന ദ്വിദിന കോൺഫറൻസ് കൊച്ചി അമൃത ആശുപത്രിയിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ. ആനന്ദ്കുമാർ ഉദ്ഘാടനം ചെയ്തു.

കോൺഫറൻസിന്റെ ഭാഗമായി ന്യൂറോജെനിക് ബ്ലാഡർ, പെൽവിക് ഫ്ളോർ ഡിസ്ഫംഗ്ഷൻ, യൂറോഡൈനാമിക്സ് തുടങ്ങിയ വിഷയങ്ങളിൽ വിവിധ സെഷനുകൾ സംഘടിപ്പിച്ചു. ലണ്ടനിൽ നിന്നുള്ള പ്രൊഫ. ജലേഷ് പണിക്കർ, ഡോ. പ്രസാദ് മല്ലാടി, ഡോ. ജാഗ്രതി ഗുപ്ത എന്നിവർ ഉൾപ്പെടെ ആരോഗ്യ രംഗത്തെ പ്രമുഖർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. സാക്രൽ ന്യൂറോമൊഡുലേഷൻ പോലുള്ള പുതിയ ചികിത്സാ മാർഗങ്ങളും കോൺഫറൻസിൽ ചർച്ചയായി.

അമൃത ആശുപത്രി പെൽവിക് ഡിസ്ഫങ്ഷൻ ക്ലിനിക്കിലെ ഡോ. കണ്ണൻ നായർ (യൂറോളജി), ഡോ. ഉദിത് ശറഫ് (ന്യൂറോളജി), ഡോ. രവിശങ്കരൻ (ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ), ഡോ. ഷൈൻ സദാശിവൻ (ഗാസ്ട്രോഎന്ററോളജി) എന്നിവർ പങ്കെടുത്തു.



## അന്താരാഷ്ട്ര പാത്ത് വേ പരിശീലനവുമായി ലാക്മെയും ലാമറും

**കൊച്ചി:** ആപ്ടെക്കിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന രാജ്യത്തെ പ്രമുഖ ബ്യൂട്ടി പരിശീലന സ്ഥാപനമായ ലാക്മെ അക്കാദമിയും ദുബായിലെ ലാമർ ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് ബ്യൂട്ടിഷൻ കോഴ്സുകൾ പഠിക്കുന്നവർക്കും ബ്യൂട്ടി ആൻറ് വെൽനസ് രംഗത്ത് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കുമായി സവിശേഷമായ അന്താരാഷ്ട്ര പാത്ത് വേ പ്രോഗ്രാം സംഘടിപ്പിക്കുന്നു

സ്പെഷ്യൽ എഫക്സ് മേക്ക് അപ്പ് (എസ് എഫ് എക്സ്), ഫേസ് ആന്റ് ബോഡി പെയിൻറിംഗ്, അന്താരാഷ്ട്ര ബ്രൈഡൽ ടെക്നിക്കുകൾ എന്നിവയടക്കമുള്ള മോഡ്യൂളുകൾ ഉൾപ്പെടുന്ന ഈ പ്രോഗ്രാം ദുബായിലെ ബ്യൂട്ടി ഹബ്ബിൽ സമഗ്രമായ പരിശീലനത്തിനും അവസരം ഒരുക്കുന്നു. പ്രോഗ്രാമിന്റെ ഭാഗമാകുന്നവർക്കു ദുബായിലെ ബ്യൂട്ടി ഹബ്ബിൽ സമഗ്രമായ പരിശീലനത്തിനുള്ള അവസരവും ലഭിക്കും. കൂടാതെ ദുബായിലെ ചലനാത്മകമായ ബ്യൂട്ടി മേഖലയിൽ എക്സ്പോഷർ ലഭിക്കുന്നതിനൊപ്പം ഈ മേഖലയിലെ വിവിധ വിഭാഗങ്ങളിൽ പ്രശസ്തരായവരിൽ നിന്നും നേരിട്ട് പരിശീലനം ലഭിക്കുന്നതിനുള്ള നിരവധി അവസരങ്ങളിലും ഉണ്ടാകും.അഡ്വാൻസ്ഡ് മേക്ക് അപ്പ്, കോസ്മെറ്റോളജി, ലാക്മെ അക്കാദമിയിലെ ഗ്ലോബൽ ടെൻഡ്സ് വിദ്യാർത്ഥികൾ, മറ്റ് സ്ഥാപനങ്ങളിലെ സർട്ടിഫൈഡ് ബ്യൂട്ടി പ്രൊഫഷണലുകൾ, ബ്യൂട്ടി, ഹെയർ, മേക്ക് അപ്പ്, കോസ്മെറ്റോളജി എന്നിവയിൽ നൂതനമായ അറിവും സാങ്കേതിക പരിജ്ഞാനവുമുള്ള ബ്യൂട്ടി ആൻറ് വെൽനസ് കമ്മ്യൂണിറ്റിയിലെ ഏതൊരാൾക്കും ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് യോഗ്യത ഉണ്ടായിരിക്കുമെന്ന് ലാക്മെ ചീഫ് ബിസിനസ് ഓഫീസർ സന്ദീപ് വെലിംഗും ലആമർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്യൂട്ടി മാനേജിംഗ് ഡയറക്ടർ സുരേഷ് മാധവനും അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് https://www.Lakme-academy.com സന്ദർശിക്കുക.

## കേരള ബ്ലാസ്റ്റേഴ്സ് എഫ്സി അക്കാദമി: സെലക്ഷൻ ട്രയൽസ് 17, 18 തീയതികളിൽ

**കൊച്ചി:** കേരള ബ്ലാസ്റ്റേഴ്സ് എഫ്സി അക്കാദമിയിലേക്കുള്ള യുവ പ്രതിഭകളെ കണ്ടെത്താനുള്ള സെലക്ഷൻ ട്രയൽസുകൾ ഏപ്രിൽ 17, 18 തീയതികളിൽ നടക്കും. 2011 ജനുവരി 1നും ഡിസംബർ 31നും ഇടയിൽ ജനിച്ചവർക്ക് ട്രയൽസിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ട്രയൽസുകൾ വിവിധ ജില്ലകളിൽ നിന്നുള്ള പ്ലെയേഴ്സിനായി പ്രത്യേക തീയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. വടക്കാഞ്ചേരിയിൽ പന്നിയങ്കര ടോൾ പ്ലാസയ്ക്ക് സമീപമായുള്ള ടി.എം.കെ അരീനയിലാണ് സെലക്ഷൻ ട്രയൽസ് സംഘടിപ്പിച്ചിരിക്കുന്നത്.

ഏപ്രിൽ 17ന് മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നുള്ള പ്ലെയേഴ്സിനും ഏപ്രിൽ 18ന് കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, വയനാട്, ആലപ്പുഴ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുള്ളവർക്കുമാണ് ട്രയൽസ് സംഘടിപ്പിക്കുന്നത്.

കേരള ബ്ലാസ്റ്റേഴ്സ് എഫ്സി അക്കാദമിയുടെ സോഷ്യൽ മീഡിയ പേജുകളിൽ നൽകിയിട്ടുള്ള ക്യുആർ കോഡ് സ്കാൻ ചെയ്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച ശേഷം യോഗ്യരായ കളിക്കാർക്ക് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സ്ഥിരീകരണ ഇമെയിൽ നൽകും. സ്ഥിരീകരണ ഇമെയിൽ ലഭിച്ച കളിക്കാർക്ക് മാത്രമേ ട്രയൽസ് വേദിയിലേക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ രാവിലെ 6:30ന് ട്രയൽസ് വേദിയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ട്രയൽസിൽ പങ്കെടുക്കാൻ എത്തുന്ന കളിക്കാർ ആധാർ കാർഡ് അല്ലെങ്കിൽ പാസ്പോർട്ട്, ജനന സർട്ടിഫിക്കറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്. ഏപ്രിൽ 14, വൈകുന്നേരം 5 മണി വരെ ട്രയൽസിനായി അപേക്ഷിക്കാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്കായി ക്യുആർ കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സോഷ്യൽ മീഡിയ പേജുകൾ സന്ദർശിക്കുക.

# സൗന്ദര്യത്തിന് പുതുഭാഷ്യം; രണ്ടാണ്ട് പിന്നിട്ട് പൂർത്തിയാക്കി ടിറ

**കൊച്ചി/മുംബൈ:** റിലയൻസ് റീട്ടെയിൽ ഗ്രൂപ്പിന്റെ ഭാഗമായ ഓമ്നിചാനൽ ബ്യൂട്ടി ഡെസ്റ്റിനേഷനായ ടിറ ശദ്ധേയമായ രണ്ട് വർഷങ്ങൾ പൂർത്തിയാക്കി. ഓൺലൈനിലും ഓഫ്ലൈനിലും ഇന്നവേഷനും നൂതനാത്മകമായ അനുഭവങ്ങളും പ്രദാനം ചെയ്ത് സൗന്ദര്യസങ്കൽപ്പങ്ങൾക്ക് പുതിയ മാനങ്ങൾ നൽകാൻ രണ്ട് വർഷത്തിനിടെ ടിറയ്ക്ക് സാധിച്ചുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ബ്യൂട്ടി മേഖലയുമായി ബന്ധപ്പെട്ട് പുതിയ ആവാസവ്യവസ്ഥ തന്നെ ടിറ കെട്ടിപ്പടുത്തു.ഈ നാഴികക്കല്ല് അടയാളപ്പെടുത്തുന്നതിനായി, 'ടിറ ടേൺസ് ടൂ' സെയിൽ സംഘടിപ്പിക്കുകയാണ് കമ്പനി. വിവിധ ബ്രാൻഡുകളിൽ 50% വരെ കിഴിവും ആവേശകരമായ ഡീലുകളും ഇതിന്റെ ഭാഗമായി കമ്പനി വാഗ്ദാനം ചെയ്യുന്നു. സൗന്ദര്യ അനുഭവങ്ങളുടെ നവീനമായ ലോകം തുറക്കാനുള്ള തയാറെടുപ്പിലാണ് ടിറ.വാർഷിക ആഘോഷത്തിന്റെ ഭാഗമായി പ്രശസ്ത സെലിബ്രിറ്റി ഡിസൈനർമാരായ അബുജനി സന്ദീപ് കോസ്ല ടീമുമായി ചേർന്ന് പുതിയ പങ്കാളിത്ത പദ്ധതിക്കും ടിറ തുടക്കമിട്ടിട്ടുണ്ട്.




മുംബൈ, പൂനെ, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് തുടങ്ങി നിരവധി നഗരങ്ങളിലേക്ക് ടിറ സാന്നിധ്യം വ്യാപിപ്പിച്ചു. എക്സ്പീരിയൻഷ്യൽ ഓഫ്ലൈൻ സ്റ്റോറുകളിലൂടെ ഉപയോക്താക്കൾക്ക് മികച്ച അനുഭവം പകരാൻ ടിറയ്ക്ക് സാധിച്ചു. രാജ്യം മുഴുവനുമുള്ള സൗന്ദര്യ പ്രേമികൾക്ക് ഓൺലൈനായി സേവനം നൽകാനും ടിറയ്ക്ക് സാധിച്ചു. രാജ്യത്ത് എവിടെയുള്ളവരായാലും അവർക്ക് കൂടുതൽ വ്യക്തിഗതവും എൻഗേജിങ്ങുമായ ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യാൻ റിലയൻസ് റീട്ടെയ്ലിന്റെ ആഡംബര ബ്യൂട്ടി ബ്രാൻഡിന് സാധിക്കുന്നു.ടെക്നോളജി, വൈദഗ്ധ്യം, സ്റ്റോറിടെല്ലിംഗ് തുടങ്ങിയവ സംയോജിപ്പിച്ച് അതിരുകൾ ഭേദിച്ചുള്ള വിപുലീകരണ പദ്ധതികളാണ് ടിറ മൂന്നാം വർഷത്തിൽ പദ്ധതിയിടുന്നത്




## ഇമാക് സൈലന്റ് ഹീറോസ് അവാർഡുകൾ വിതരണം ചെയ്തു

**കൊല്ലം:** കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് മാനേജർമാരുടെ സംഘടനയായ 'ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള (ഇമാക്) യുടെ സൈലന്റ് ഹീറോസ് അവാർഡുകൾ വിതരണം ചെയ്തു. കൊല്ലം അഷ്ടമുടി ലീല റാവിസിൽ നടന്ന ചടങ്ങിന്റെ ഉത്ഘാടനം കൊല്ലം എം.പി എൻ കെ പ്രേമചന്ദ്രൻ നിർവഹിച്ചു. ആർ.പി. ഗ്രൂപ്പിന്റെ സ്ഥാപകനും ചെയർമാനുമായ ബി. രവി പിള്ളയ്ക്കായിരുന്നു ഇത്തവണത്തെ ഇമാക് ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്.

രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയിലും പുരോഗതിയിലും സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയായി ഇവൻ മാനേജ്മെൻറ് ഇൻഡസ്ട്രി വളർന്നു എന്നുള്ളത് ഏറെ അഭിമാനകരമാണെന്ന് ഉദ്ഘാടനം ചെയ്തുകൊണ്ട് എം.പി എൻ കെ പ്രേമചന്ദ്രൻ പറഞ്ഞു.എം.നൗഷാദ് എംഎൽഎ പങ്കെടുത്തു.

ചടങ്ങിൽ ബി2ബി എക്സ്പോ, പാനൽ ചർച്ചകൾ, വിനോദ പരിപാടികൾ എന്നിവ നടന്നു. 5 പ്രധാന വിഭാഗങ്ങളിൽ 60 ഉപവിഭാഗങ്ങളിലുമായി ഇരുന്നൂറ്റിമുപ്പതോളം അവാർഡുകൾ സമ്മാനിച്ചു.പരിപാടിയുടെ ഭാഗമായി നടന്ന ഡെസ്റ്റിനേഷൻ മാനേജ്മെന്റ് ഫോർ ഇവന്റ്സ്, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്സ്, മൈസ് എന്നിവയെക്കുറിച്ചുള്ള നോളജ് സെഷനുകൾ, കൊല്ലം ജില്ലാ കളക്ടർ ദേവിദാസ് എൻ ഐഎഎസ് ഉദ്ഘാടനം ചെയ്തു.

എം.മുകേഷ് എംഎൽഎ നോളജ് സെഷനിൽ പങ്കെടുത്തു.കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് മേഖലയിലെ ശ്രദ്ധേയമായ നേട്ടങ്ങൾ ആഘോഷിക്കുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള പ്രസിഡന്റ് രാജു കണ്ണമ്പുഴ പറഞ്ഞു.

## പിഎൻബി ഹാഫ് മാരത്തോൺ 2025

**ന്യൂഡൽഹി:** പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് സംഘടിപ്പിച്ച പിഎൻബി ഹാഫ് മാരത്തോൺ 2025 ന്യൂഡൽഹിയിൽ വച്ചു നടന്നു. 'സൈബർ റൺ സുരക്ഷിത ഡിജിറ്റൽ ഇന്ത്യയെ ശാക്തീകരിക്കൽ' എന്ന പ്രമേയത്തിൽ നടന്ന മാരത്തോണിൽ, അത്ലറ്റുകൾ, ഫിറ്റ്നസ് പ്രേമികൾ, സൈബർ സുരക്ഷാ പ്രൊഫഷണലുകൾ, പിഎൻബി ജീവനക്കാർ, ജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നുമുള്ള പൗരന്മാർ എന്നിവരുൾപ്പെടെ 13,800 പേരും 500ലധികം വൊളണ്ടിയർമാരും പങ്കെടുത്തു. മൂന്നു വിഭാഗങ്ങളിലായി വിജയികൾ 15 ലക്ഷം രൂപ സമ്മാനത്തുക പങ്കിട്ടു.

ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഡിപ്പാർട്മെന്റ് ഓഫ് ഫിനാൻഷ്യൽ സർവീസസ് സെക്രട്ടറി എം നാഗരാജു മാരത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. പിഎൻബി എംഡി & സിഇഒ അശോക് ചന്ദ്ര, പിഎൻബി മെറ്റ്ലൈഫ് ഇൻഷുറൻസ് എംഡി & സിഇഒ സമീർ ബൻസാൽ, പിഎൻബി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എംഡി & സിഇഒ ഗിരീഷ് കൗസ്ഗി എന്നിവർ സന്നിഹിതരായിരുന്നു.



21.1 കി.മീ. ഹാഫ് മാരത്തോൺ, 10 കി.മീ. എനർജറ്റിക് റൺ, 5 കി.മീ. ഫൺഫിൽഡ് (എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് മാരത്തോൺ സംഘടിപ്പിച്ചത് ലൈവ് മ്യൂസിക് ബാൻഡുകളും ഊർജ്ജസ്വലമായ ഓൺറൂട്ട് വിനോദവും പങ്കെടുക്കുത്തവരെ ഊർജ്ജസ്വലരാക്കുകയും മുഴുവൻ സമയ ആവേശം നിലനിർത്തുകയും ചെയ്തു. മാരത്തോൺ വേദിയിൽ സമർപ്പിത വിവര മേഖലകൾ, സംവേദനാത്മക ബൂത്തുകൾ, ആകർഷകമായ 'നുക്കാഡ് നാടക്', ആഭ്യന്തര മന്ത്രാലയത്തിലെ ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിലെ (ഐ4സി) ഡെപ്യൂട്ടി കമാൻഡന്റ് ദീപക് കുമാർ നടത്തിയ വിജ്ഞാനപ്രദമായ ക്വിസ് സെഷൻ എന്നിവയും ഉണ്ടായിരുന്നു.



# തെനാലി ഡബിൾ ഹോഴ്സ് ഗ്രൂപ്പിന്റെ മില്ലറ്റ് മാർവൽസ് വിപണിയിൽ

**കൊച്ചി:** തെനാലി ഡബിൾ ഹോഴ്സ് ഗ്രൂപ്പ്, മില്ലറ്റ് അധിഷ്ഠിത ഉൽപ്പന്നം മില്ലറ്റ് മാർവൽസ് പുറത്തിറക്കി. ഹൈദരാബാദിലെ പാർക്ക് ഹയാത്ത് ഹോട്ടലിൽ നടന്ന ചടങ്ങിൽ അപ്പോളോ ഹോസ്പിറ്റൽസ് ഗ്രൂപ്പ് ജോയിന്റ് മാനേജിങ് ഡയറക്ടർ ഡോ. സംഗീത റെഡ്ഡി ഗാരുവാണ് ഉത്പന്നം വിപണിയിൽ അവതരിപ്പിച്ചത്. ആരോഗ്യസൗഹൃദ ഭക്ഷണശീലങ്ങൾ പാലിക്കുന്ന ഉപഭോക്താക്കളെ ലക്ഷ്യമിടുന്നതാണ് പുതിയ ശ്രേണി. ധാന്യങ്ങൾ, നൂഡിൽസ്, കുക്കികൾ, റെഡിടുകുക്ക് ഭക്ഷണങ്ങൾ എന്നിവ ഉൾപ്പെടുന്ന 18 ഉൽപ്പന്നങ്ങളാണ് ആദ്യഘട്ടത്തിൽ വിപണിയിലെത്തിക്കുന്നത്. 95 രൂപ തുടക്കവിലയിൽ ഓരോ യൂണിറ്റും ലഭ്യമാകുന്നത്.

മില്ലറ്റ് മാർവൽസ് സംരംഭം വഴി തെനാലി ഡബ്ൾ ഹോഴ്സ് ഗ്രൂപ്പ്, ആരോഗ്യം മുൻനിർത്തിയ വിവിധ ഭക്ഷണവിഭാഗങ്ങളിലേക്കുള്ള പ്രവേശനം ഉറപ്പാക്കുന്നു. വിപണിയുടെ ആദ്യഘട്ടത്തിൽ ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുക. പിന്നീട് ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്കും യുഎസ്എ, കാനഡ, ന്യൂസിലാന്റ്, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ തുടങ്ങിയ അന്താരാഷ്ട്ര വിപണികളിലേക്കും വ്യാപിക്കുവാനും ലക്ഷ്യമുണ്ട്. 'റൂറൽ ട്ടു ഗ്ലോബൽ' എന്ന കമ്പനിയുടെ ദൗത്യം ഊന്നിപ്പറഞ്ഞുകൊണ്ട്, അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കമ്പനിയുടെ നിലവിലെ വരുമാനത്തിന്റെ 5% മില്ലറ്റ് മാർവൽസ് വഴി കരസ്ഥമാക്കുകയാണ് ലക്ഷ്യമെന്ന് തെനാലി ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ മോഹൻ ശ്യാം പ്രസാദ് മുനഗല പറഞ്ഞു. 2005ൽ തുടക്കം കുറിച്ച തെനാലി ഡബ്ൾ ഹോഴ്സ് ഗ്രൂപ്പിന് നിലവിൽ 12 രാജ്യങ്ങളിലും 15 ഇന്ത്യൻ സംസ്ഥാനങ്ങളിലും സാന്നിധ്യമുണ്ട്.



# കൊച്ചി–ഫുക്കറ്റ് വിമാന സർവീസ് തുടങ്ങി എയർ ഏഷ്യ

**കൊച്ചി:** കൊച്ചി –തായ്ലൻഡ് വിമാന സർവീസ് തുടങ്ങി എയർ ഏഷ്യ. കൊച്ചിയിൽ നിന്ന് ഫുക്കറ്റിലേക്ക് നേരിട്ടുള്ള വിമാന സർവീസാണ് തുടങ്ങിയത്. തിങ്കൾ, വ്യാഴം, ശനി എന്നിങ്ങനെ ആഴ്ചയിൽ മൂന്ന് ദിവസങ്ങളിലായാണ് സർവീസ്.എയർ ബസ് അ320 വിമാനങ്ങളാണ് സർവീസ് നടത്തുന്നത്.

കൊച്ചിയിൽ നിന്നും പുലർച്ചെ 2:45ന് പുറപ്പെടുന്ന ഫ് ളൈറ്റ് രാവിലെ 8:05ന് ഫുക്കറ്റിൽ എത്തിച്ചേരും. സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് സർവീസ് ഉദ്ഘാടനം ചെയ്തു. എയർപോർട്ട് ഡയറക്ടർ മനു. ജി, എയർ ഏഷ്യ ജനറൽ മാനേജർ സുരേഷ് നായർ, എയർപോർട്ട് മാനേജർ പൂഭത് രാജ് എം., സി. ഐ. എസ്. എഫ്, ഇമിഗ്രേഷൻ, തുടങ്ങി വിവിധ ഡിപ്പാർട്മെന്റ് മേധാവികൾ, എയർലൈൻ പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.



# ഗ്ലാസ്ഫ്രീ ത്രിഡി ആന്റ് 4 കെ ഒഎൽഇഡി ഒഡീസി ഗെയിമിംഗ് മോണിറ്ററുകൾ അവതരിപ്പിച്ച് സാംസംഗ്

**കൊച്ചി:** ഗ്ലാസില്ലാത്ത ഒഡീസി ത്രീഡി, വിപണിയിൽ ആദ്യമായി അവതരിപ്പിക്കുന്ന 4കെ ഒഡീസി ഒഎൽഇഡി ഏ8, അൾട്രാ ഇമേഴ്സീവ് കർവഡ് ഒഡീസി ജി9 എന്നിവയുൾപ്പടെയുള്ള ഗെയിമിംഗ് മോണിറ്ററുകളുടെ 2025 ലെ ഉൽപ്പന്ന നിര പ്രഖ്യാപിച്ച് ഇന്ത്യയിലെ ഏറ്റവും വലിയ ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസംഗ്.

ഇമേർഷനും പ്രവർത്തനമികവും വർദ്ധിപ്പിക്കുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ മോണിറ്ററുകൾ മികച്ച വിഷ്വൽ ഫിഡിലിറ്റി ആവശ്യപ്പെടുന്ന ഗെയിമർമാർ, കണ്ടന്റ് ക്രിയേറ്റർമാർ പ്രൊഫഷണലുകൾ എന്നിവർക്ക് സേവനം ലഭ്യമാക്കുന്നു. ഗ്ലാസുകളില്ലാത്ത തകർപ്പൻ 3ഡി ഗെയിമിംഗ് അനുഭവം നൽകുന്ന പുതിയ 27 ഇഞ്ച് ഒഡീസി 3ഡി ഇന്ത്യൻ വിപണിയിലെ ഒരു ഗെയിം ചെയ്ഞ്ചറാണ്.

27, 32 വലുപ്പങ്ങളിൽ ലഭ്യമായ ഒഡീസി റിഫ്രെഷ് റേറ്റുള്ള ലോകത്തിലെ ആദ്യത്തെ മോണിറ്ററായി വിപണിയിൽ പുതിയ മാനദണ്ഡം സൃഷ്ടിക്കുന്നു. ഒഡീസി ജി 9 (ജി 91 എഫ് മോഡൽ) 49 ഇഞ്ച് ഡ്യുവൽ ക്യുഎച്ച്ഡി ഡിസ്പ്ലേയും 1000 ആർ കർവ്ഡ് സ്ക്രീനും ഉള്ള സമാനതകളില്ലാത്ത അൾട്രാ വൈഡ് അനുഭവം നൽകുന്നു, ഉയർന്ന നിലവാരമുള്ള വിഷ്വലുകൾ നൽകുന്നു, പ്രത്യേകിച്ച് 32:9 അല്ലെങ്കിൽ 21:9 ഗെയിമുകൾ കളിക്കുമ്പോൾ. ലോകോത്തരമായ നൂതനാശയങ്ങൾ ഇന്ത്യൻ ഉപഭോക്താക്കൾക്ക് പ്രാപ്യമാക്കുന്നതിലൂടെ അത്യാധുനിക ഡിസ്പ്ലേ സാങ്കേതികവിദ്യയെ ജനാധിപത്യവൽക്കരിക്കുന്നതിന് സാംസംഗ് പ്രതിജ്ഞാബദ്ധമാണെന്ന് സാംസങ് ഇന്ത്യയുടെ എന്റർപ്രൈസ് ബിസിനസ് വൈസ് പ്രസിഡന്റ് പുനീത് സേത്തി പറഞ്ഞു.

